## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2156 — 11.02.2020 ൽ മറുപടിക്ക്

### കായംകുളം താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| പ്രതിദിനം 1500 പേർ ചികിത്സ തേടിയെത്തുന്ന കായംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രി ആയിട്ട് ഉയർത്തിയെങ്കിലും ഇവിടുത്തെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ആരോഗ്യ വകുപ്പിൽ ഇപ്പോൾ 1961 ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. നിലവിൽ ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. കായംകുളം താലൂക്ക് ആശുപത്രി നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനമാണ്. ആർദ്രം പദ്ധതി പ്രകാരം ഓരോ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട ജീവനക്കാരുടെ പട്ടിക നിജപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രിയിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ - 1<br>ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജറി - 1<br>ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1<br>മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1<br>സ്റ്റാഫ് നഴ്സ് - 2<br>ലാബ് ടെക്നീഷ്യൻ - 1 |

സെക്ഷൻ ഓഫീസർ